പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 10.12.2012-ൽ മറുപടിക്ക്

ചോദ്യം നമ്പർ .153

## ഫിഷിംഗ് ഹാർബറുകളുടെ നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, എം.പി. വിൻസെന്റ്<br>,, പി. എ. മാധവൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഫിഷിംഗ് ഹാർബറുകൾ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) & (ബി) | പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായം (NFDB) ലഭ്യമാകുന്നുണ്ട്. എൻ.എഫ്.ഡി.ബി. അനുവദിക്കുന്ന പദ്ധതിയിൽ ലേലപ്പുര, വാർഫ്, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, വൈദ്യുതീകരണം, ജലവിതരണ സംവിധാനം, ഡ്രെയിനേജ്, സീവേജ് എന്നിവയുടെ നവീകരണ പ്രവൃത്തികളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളായ തങ്കശ്ശേരി (254.50 ലക്ഷം), നീണ്ടകര (1003 ലക്ഷം), കായംകുളം (259 ലക്ഷം), മുനമ്പം (136.82 ലക്ഷം), പുതിയാപ്പ (280 ലക്ഷം), ചോമ്പാൽ (336 ലക്ഷം) എന്നിവയുടെ നവീകരണ പ്രവൃത്തികളാണ് നടന്നു വരുന്നത്. കൂടാതെ തോട്ടപ്പള്ളി (138 ലക്ഷം), ബേപ്പൂർ (299.17 ലക്ഷം) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവൃത്തികൾക്ക് എൻ.എഫ്.ഡി.ബി.യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇവയിൽ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ടി പ്രവൃത്തികളിലായി എൻ.എഫ്.ഡി.ബി.യിൽ നിന്ന് നാളിതുവരെ 2706.49 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | | |
| (സി) | ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്? | (സി) | പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പ് തലത്തിലും ജില്ലാ തലത്തിലും പുനരവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി വരുന്നുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ